**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : **1662**

07.03.2018 ൽ മറുപടിയ്ക്ക്

## പുതിയ പോലീസ് സബ് ഡിവിഷൻ ഓഫീസുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ടി.വി.ഇബ്രാഹിം | | പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് പുതിയ പോലീസ് സബ് ഡിവിഷൻ ഓഫീസുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) | പരിഗണനയിലില്ല. എന്നാൽ കാസർഗോഡ് ജില്ലയിൽ മലയോര പോലീസ് സബ് ഡിവിഷൻ രൂപീകരിക്കുന്നതിനായി സംസ്ഥാന പോലീസ് മേധാവിയിൽ നിന്നും ലഭിച്ച ശുപാർശ സർക്കാർ തലത്തിൽ പരിശോധിച്ചു വരുന്നു. |
| (ബി) | പോലീസ് സബ് ഡിവിഷൻ ഓഫീസുകൾ ആരംഭിക്കുന്നതിനുള്ള മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ; | (ബി) | ജനസംഖ്യ, പ്രദേശത്തെ ക്രമസമാധാന നില, കുറ്റകൃത്യങ്ങളുടെ സ്ഥിതിവിവര കണക്ക്, ഭരണസൗകര്യം, ജുഡീഷ്യൽ അൺകംഫർട്ടബിലിറ്റി എന്നീ ഘടകങ്ങളാണ് പരിഗണിക്കുന്നത്. |
| (സി) | മലപ്പുറം ജില്ലയിൽ ഇത്തരം സബ് ഡിവിഷൻ ഓഫീസുകൾ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെയെല്ലാം; വിശദമാക്കുമോ; | (സി) യും (ഡി) യും | ഇത് സംബന്ധിച്ച ശുപാർശകൾ നിലവിലില്ല. |
| (ഡി) | സബ് ഡിവിഷൻ ഓഫീസുകൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് പുതിയ പോലീസ് സ്റ്റേഷനുകൾ തുടങ്ങുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | | |

സെക്ഷൻ ഓഫീസർ